# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1321 01.07.2015 - ൽ മറുപടിക്ക്

## പാലക്കാട് - ഷൊർണ്ണൂർ കെ. എസ്. റ്റി. പി. റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് - ഷൊർണ്ണൂർ കെ. എസ്. റ്റി. പി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിച്ചത് ; എത്ര തുക ചെലവഴിച്ചു ; റോഡിന്റെ ഗുണനിലവാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) പാലക്കാട് - ഷൊർണ്ണൂർ കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ. എസ്. റ്റി. പി) റോഡിന്റെ നിർമ്മാണ പ്രവൃത്തി 28.02.2012 - ലാണ് പൂർത്തീകരിച്ചത്. പാലക്കാട് - ഷൊർണ്ണൂർ റോഡിനും ചുണ്ടൽ - കുറ്റിപ്പുറം റോഡിനുകൂടി ആകെ 175.69 കോടി രൂപയാണ് ചിലവഴിച്ചത്. MORTH (Ministry of Road Transport and Highways), IRC (Indian Road Congress) specification പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. GSB (Granular Sub Base), WMM (Wet Mix Mecadam), DBM (Dense Bitumen Mecadam, BC (Bitumen Concrete) എന്നിവ |

ചെയ്ത് എല്ലാ റോഡുസുരക്ഷാ ക്രമീകരണങ്ങളും ആവശ്യമായ സൈനേജുകളും പൂർത്തിയാക്കി- യാണ് റോഡ് നിർമ്മാണം നടത്തിയത്.

(ബി) പ്രസ്തുത റോഡിൽ ഒറ്റപ്പാലം ടൗണിനോട് ചേർന്നു കിടക്കുന്ന ഒറ്റപ്പാലം പാലത്തിന്റെയും കണ്ണിയംപുറം തോട്ടുപാലത്തി- ന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പാലങ്ങളുടെ വീതി കൂട്ടി പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; അതിനാ- യുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടു- ണ്ടോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭി- ക്കുവാൻ കഴിയും ; വിശദാംശം ലഭ്യമാക്കാമോ ?

(ബി), (സി) & (ഡി) പാലക്കാട് - ഷൊർണ്ണൂർ റോഡിൽ ഒറ്റപ്പാലം ടൗണിനോട് ചേർന്നു കിടക്കുന്ന ഒറ്റപ്പാലം പാലത്തിനും കണ്ണിയംപുറം തോടുപാലത്തിനും വീതി കുറവായതിനാൽ ചെറിയ തോതിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലം പുനർനിർമ്മിക്കുന്ന കാര്യം (കെ. എസ്. റ്റി. പി മുഖേന) പരിഗണനയിലാണ്. ഇതു സംബന്ധിച്ച പ്രോപ്പസൽ ലോകബാങ്കിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചി- രിക്കുകയാണ്. ടി അനുമതി ലഭ്യമായാൽ മാത്രമേ പണി തുടങ്ങുവാൻ സാധിക്കുക- യുള്ളൂ.

സെക്ഷൻ ഓഫീസർ